വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രൊമിസസ്സിൽ പ്രവർത്തിച്ച വരികയാണെന്നുള്ള തെളിവ് ഹാജരാക്കുന്നപക്ഷം കെട്ടിട നമ്പർ ഇല്ലാതെതന്നെ കണക്ഷൻ നൽകുന്നതിന് 12-6-2015-ലെ ജി.ഒ. (ആർ‌ടി.)131/15/ഊ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കുന്നതിന് 7-7-2015-ൽ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനങ്ങൾ 'സ്ഥാപനം അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രൊമിസസ്സിൽ പ്രവർത്തിച്ചുവരികയാണ്' എന്നതിന് വേണ്ടത്ര തെളിവ് സഹിതം ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെ സമീപിക്കേണ്ടതാണ്.

സോളാർ പാർക്ക്

18 (3171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) ആരുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, കിനനൂർ, കരിന്തളം, പെരിയവെളിക്കൈ, മീഞ്ച എന്നീ വില്ലേജുകളിലാണ് സൗരോർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സ്ഥല സർവ്വേ പൂർത്തിയായിക്കഴിഞ്ഞു.

(സി) കേന്ദ്ര പൊതുമേഖല സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സോളാർ പാർക്ക് പദ്ധതി പ്രകാരം ഇരുനൂറ് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. സോളാർ പാർക്ക് സ്കീം പ്രകാരം 100 മെഗാവാട്ട് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ പദ്ധതിക്കായി കേരളാ സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ബോർഡ് ലിമിറ്റഡ് 31-3-2015-ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SECI, IREDA-യും THDCIL-ഉം ആയി (50 മെഗാവാട്ട് വീതം) വെവ്വേറെ രണ്ടു ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്.

ആദിവാസി കോളനികളുടെ വൈദ്യുതീകരണം

19 (3172) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്തെങ്കിലും പദ്ധതി ഇതിനായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട കുത്തിപ്പുഴ, തച്ചമ്പാറ, കരിമ്പ എന്നീ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

താഴെ പറയുന്ന ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എസ്.റ്റി. ഡിപ്പാർട്ടുമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

1. ഇടുക്കി-ഒഴുവാനടംകുടി, കുലമാൻ കുടി, പ്ലാമല, പട്ടായിറമ്പൻ കുടി, പടിക്കകുടി, പുഇക്കുടി, തലയിറപ്പൻ കുടി, മൈനപ്പാറ, കൊച്ചുകുടക്കൽ - പണി പുരോഗമിക്കുന്നു.
2. തൊടുപുഴ -ഇടമലക്കുടി കോളനി - ജോലി ആരംഭിച്ചിട്ടില്ല.
3. തിരുവനന്തപുരം - മേലേ അമല, താഴേ അമല, പത്തായം വച്ചപ്പ്, ആയിരംകൽ - ജോലി ആരംഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ പോങ്ങിൻചുവട്, ഇടുക്കി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം എസ്.റ്റി. ഡിപ്പാർട്ടുമെന്റിന്റെ 9-6-2015-ലെ മീറ്റിംഗിൽ പരിഗണിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി

LIBRARY ARCHIVES Kerala Legislative Assembly